(ബി) 5-12-2013 മുതലാണ് കമ്മീഷൻ പ്രവർത്തനം ആരംഭിച്ചത്.

(സി) ആകെ 28 സ്റ്റാഫിനെയാണ് കമ്മീഷനിൽ പ്രവർത്തിക്കുവാൻ നിശ്ചയിച്ചിട്ടുള്ളത്. അവ താഴെപറയും പ്രകാരമാണ്.

അഡീഷണൽ സെക്രട്ടറി	-	1
ജോയിന്റ് സെക്രട്ടറി	-	1
അണ്ടർ സെക്രട്ടറി	-	2
സെക്ഷൻ ഓഫീസർ	-	4
അസിസ്റ്റന്റ്	-	8
കമ്പ്യൂട്ടർ അസിസ്റ്റന്റ്	-	3
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	-	4
ക്ലറിക്കൽ അസിസ്റ്റന്റ്	-	1
ഓഫീസ് അറ്റൻഡന്റ്	-	4
	ആകെ	28

(ഡി) കമ്മീഷനിൽ ആകെ 8 ജീവനക്കാരെ ധനകാര്യ വകുപ്പ് നിയമിച്ച് ഉത്തരവിറക്കിയിട്ടുണ്ട്. ഇതിൽ 7 പേർ ജോലി ഏറ്റെടുത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

എട്ടും ഒൻപതും ശമ്പള കമ്മീഷനുകൾക്ക് ചെലവായ തുക

112 (7948) ശ്രീ. പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിന് നിയോഗിച്ച എട്ടും, ഒൻപതും ശമ്പള കമ്മീഷനുകൾക്ക് എത്ര തുക ചെലവായി എന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ശമ്പള കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കിയപ്പോൾ ഉണ്ടായ അനോമലികൾ പരിഹരിക്കുന്നതിന് വേണ്ടി അനോമലി പരിഹാര സെല്ലിന് എത്ര തുകയാണ് ഇതുവരെ അനുവദിച്ചിട്ടുള്ളതെന്നും എത്ര തുക ചെലവായി എന്നും വിശദമാക്കുമോ ?

ഉത്തരം

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിന് നിയോഗിച്ച എട്ടാം ശമ്പള കമ്മീഷന് 71.60 ലക്ഷം രൂപയും ഒൻപതാം ശമ്പള കമ്മീഷന് 149.97 ലക്ഷം രൂപയും ചെലവായിട്ടുണ്ട്.

(ബി) അനോമലി പരിഹാര സെൽ ധനകാര്യ വകുപ്പിന്റെ ഭാഗമായി പ്രവർത്തിക്കുന്നതിനാൽ ചെലവിന്റെ കണക്ക് പ്രത്യേകമായി സൂക്ഷിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly